# ശബരിമല വാർത്താക്കുറിപ്പ്
## 04.01.2025
## മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## ശബരിമലയിൽ 4G , സൗജന്യ ഇന്റർനെറ്റ്, ബ്രോഡ്ബാന്റ് സൗകര്യങ്ങളൊരുക്കി ബി. എസ്. എൻ. എൽ.

പത്തനംതിട്ട ജില്ലയിലെ ആദ്യ 4G സൈറ്റായി ശബരിമല
30 MBPS മുതൽ 1000 MBPS വരെ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ശബരിമലയിൽ 4G സൗജന്യ ഇന്റർനെറ്റ്, ബ്രോഡ്ബാന്റ് സേവനങ്ങൾ ഒരുക്കി തീർത്ഥാടനം സൗകര്യപ്രദമാക്കുകയാണ് ബി.എസ്.എൻ.എൽ. ഇന്റർനെറ്റ് സേവനങ്ങളുടെ സാമ്പത്തിക ബാധ്യത വഹിക്കുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആണ്. പ്രതിദിനം 300 TB ഇന്റർനെറ്റ് ഉപഭോഗമാണ് ശബരിമലയിൽ ഉണ്ടാകുന്നതെന്ന് ബി.എസ്.എൻ.എൽ ഡ്യൂട്ടി ഓഫീസർ സുരേഷ് അറിയിച്ചു.

2024 ഓഗസ്റ്റിൽ നിലക്കൽ മുതൽ സന്നിധാനം വരെയുള്ള 23 മൊബൈൽ സൈറ്റുകൾ 4G യാക്കി നവീകരിച്ചിരുന്നു. ഇതിൽ 17 എണ്ണം സ്ഥിരം സൈറ്റുകളും ബാക്കിയുള്ളവ മണ്ഡല – മകരവിളക്ക് കാലത്തേക്കുള്ള താത്കാലിക സൈറ്റുകളുമാണ്. കൂടാതെ ശബരിമലയിലെത്തുന്ന ഭക്തരുടെ ഫോണുകളിൽ സൗജന്യ വൈഫൈയും ബി.എസ്.എൻ.എൽ നൽകിവരുന്നു. അരമണിക്കൂറാണ് ഈ സേവനം ഉപയോഗിക്കാൻ കഴിയുന്നത്. സന്നിധാനത്ത് 18 പമ്പയിൽ 12 നിലക്കലിൽ 16 എണ്ണം വൈഫൈ പോയിന്റുകൾ ഇതിനായി സ്ഥാപിച്ചിട്ടുണ്ട്.

ശബരിമലയിൽ സേവനം അനുഷ്ഠിക്കുന്ന വിവിധ സർക്കാർ വകുപ്പുകൾക്കും ദേവസ്വം ബോർഡിനും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സേവനമൊരുക്കുന്നത് ബി.എസ്.എൻ.എൽ ആണ്. തിരുവല്ല മുതൽ സന്നിധാനം വരെ ഇതിനായി ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ശബരിമല ബി.എസ്.എൻ.എൽ. ഡ്യൂട്ടി ഓഫീസർ സുരേഷ് പറഞ്ഞു.

ശബരിമലയിൽ പ്രവർത്തിക്കുന്ന എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾക്ക് ബ്രോഡ് ബാന്റ് ഇന്റെർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതും ബി.എസ്.എൻ.എൽ ആണ്. ക്ലോസ്ഡ് സർക്യൂട്ട് ക്യാമറയിലൂടെ പത്തനംതിട്ട കളക്ടർ, പത്തനംതിട്ട പോലീസ്

എസ്.പി. , ദേവസ്വം വിജിലൻസ് എന്നിവർക്ക് ശബരിമല നിരീക്ഷിക്കാൻ കഴിയും. കൂടാതെ ആരോഗ്യ വകുപ്പിന്റെ എമർജൻസി മെഡിക്കൽ സെന്ററിന്റെ പ്രവർത്തനങ്ങൾക്കും ബി.എസ്.എൻ.എൽ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. 203232 എന്ന നമ്പറിൽ വിളിച്ചാൽ പമ്പയിൽ പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിന്റെ കൺട്രോൾറൂമിൽ നിന്ന് അയ്യപ്പഭക്തർക്ക് വൈദ്യസഹായം ലഭിക്കും.

## വർദ്ധിച്ചുവരുന്ന ഭക്തജനത്തിരക്കിലും ശബരിമല പരാതിരഹിതം

ശബരിമലയിൽ വർദ്ധിച്ചു  വരുന്ന തിരക്കിലും അയ്യപ്പ ഭക്തർക്ക് ദർശനം സുഗമമായി നടത്താൻ സാധിക്കുന്നതായി ശബരിമല സ്പെഷ്യൽ ഓഫീസർ എസ്.  മധുസൂദനൻ ഐ.പി.എസ് അറിയിച്ചു. നിലവിൽ അയ്യപ്പഭക്തർക്ക് 20 മിനിറ്റ് മുതൽ അരമണിക്കൂറിൽ കൂടുതൽ ക്യൂ നിൽക്കേണ്ടതായി വന്നിട്ടില്ലെന്നും പരാതി രഹിതമായാണ് ഇതുവരെ പോലീസ് സംവിധാനം  പ്രവർത്തിച്ചതെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു. മകരവിളക്കിനോട് അനുബന്ധിച്ച ദിവസങ്ങളിൽ ഈ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത് വേണ്ടിവന്നാൽ പരിഗണിക്കും.

ശരാശരി കണക്കെടുത്താൽ പ്രതിദിനം ഒരു ലക്ഷത്തിന് മുകളിൽ അയ്യപ്പൻമാർ പമ്പയിൽ നിന്ന് സന്നിധാനത്ത് എത്തുന്നുണ്ട്. ശരാശരി ഒരു മിനിറ്റിൽ 75 പേരാണ് ദർശനം നടത്തുന്നത്. പ്രതിദിനം 96000 പേർക്കാണ് അയ്യപ്പദർശനം ലഭിക്കുന്നത്. ശേഷിക്കുന്നവരെ മാളികപ്പുറത്തുള്ള ക്യൂ കോംപ്ലക്സിൽ തങ്ങാൻ അനുവദിക്കുകയാണ് ചെയ്യുന്നത്.

24 മണിക്കൂറിൽ രാവിലെ 2.30 മുതൽ 5 മിനിറ്റും ഉച്ചക്ക് 2.30 മുതൽ 5 മിനിറ്റും ഉൾപ്പെടെ ആകെ 10 മിനിറ്റ് മാത്രമാണ് അയ്യപ്പഭക്തർ പതിനെട്ടാംപടി ചവിട്ടാതെയുള്ളത്. നടയടച്ചിരിക്കുന്ന സമയങ്ങളിൽ അയ്യപ്പഭക്തർ പതിനെട്ടാംപടി ചവിട്ടി വടക്ക്  ഭാഗത്തു കൂടി മാളികപ്പുറത്തേക്കെത്തും.  അവിടെ സജ്ജീകരിച്ചിട്ടുള്ള ക്യൂ കോംപ്ലക്സിൽ അവരെ

താമസിപ്പിക്കുകയും നടതുറക്കുമ്പോൾ ദർശനത്തിന് എത്തിക്കുകയുമാണ് ചെയ്യുന്നത്.

ജനുവരി 3ന് 100176 അയ്യപ്പഭക്തർ സന്നിധാനത്ത് എത്തിയതായി സ്പെഷ്യൽ ഓഫീസർ പറഞ്ഞു. ഇതിൽ മുക്കുഴി റൂട്ടിലൂടെ 4904 പേരും പുൽമേട് വഴി 4731 പേരും ഉൾപ്പെടും. തിരക്ക് നിയന്ത്രിക്കുന്നതിന് ഡി.വൈ.എസ്.പി മാരുടെ കീഴിൽ പത്ത് ഡിവിഷനുകളിലായി 1470 പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

**ശബരിമലയിൽ ഞായറാഴ്ച (05.01.2025) ചടങ്ങുകൾ**

**പുലർച്ചെ**

3ന് നട തുറക്കൽ.. നിർമ്മാല്യം
3.05ന് അഭിഷേകം
3.30ന് ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30ന് ഉഷപൂജ
12ന് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം
9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ